# Visit of Minister of State for External Affairs to Georgia (October 10-11, 2022)

October 13, 2022

---

**ജോർജിയയിലേക്കുള്ള വിദേശകാര്യ സഹമന്ത്രിയുടെ സന്ദർശനം (ഒക്ടോബർ 10-11, 2022)**

ഒക്ടോബർ 13, 2022

1. ഇന്ത്യയും ജോർജിയയും തമ്മിലുള്ള നയതന്ത്ര ബന്ധത്തിന്റെ 30-ാം വാർഷികത്തോടനുബന്ധിച്ച് 2022 ഒക്ടോബർ 10-11 വരെ വിദേശകാര്യ സഹമന്ത്രി ശ്രീമതി. മീനകാശി ലേഖി (എം ഓ എസ്) ജോർജിയയിൽ ഔദ്യോഗിക സന്ദർശനം നടത്തി.

2. സന്ദർശന വേളയിൽ അവർ ജോർജിയ വിദേശകാര്യ മന്ത്രി ഇലിയ ഡാർചിയാഷ്‌വിലി യുമായി കൂടിക്കാഴ്ച നടത്തുകയും ഉഭയകക്ഷി ബന്ധത്തിന്റെ പുരോഗതി അവലോകനം ചെയ്യുകയും പരസ്പര താൽപ്പര്യമുള്ള വിഷയങ്ങൾ ചർച്ച നടത്തുകയും ചെയ്തു. പാർലമെന്റിന്റെ ആദ്യ ഡെപ്യൂട്ടി ചെയർമാൻ ജോർജ്ജ് വോൾസ്കി, ഇന്ത്യ-ജോർജിയ ഫ്രണ്ട്ഷിപ്പ് ഗ്രൂപ്പ് ചെയർമാൻ ജിയോർജി അമിലഖ്വാരി എന്നിവരുമായും അവർ കൂടിക്കാഴ്ച നടത്തി. സാംസ്കാരിക ഡെപ്യൂട്ടി മന്ത്രി ശ്രീ. ഇറക്‌ലി ഗിവിയാഷ്‌വിലിയുമായും അവർ കൂടിക്കാഴ്ച നടത്തി.

3. രാഷ്ട്രീയ, സാംസ്കാരിക, വിദ്യാഭ്യാസ, വ്യാപാര, സാമ്പത്തിക മേഖലകളിൽ ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്താൻ ഇരുപക്ഷവും സമ്മതിച്ചു. കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന ഇന്ത്യൻ പൗരന്മാരുടെ ദീർഘകാല വിസയുടെ പ്രശ്നം പരിഹരിക്കുമെന്ന് ജോർജിയൻ പക്ഷം ഉറപ്പ് നൽകി.

4. വിദേശകാര്യ സഹമന്ത്രി ടിബിലിസി സ്റ്റേറ്റ് മെഡിക്കൽ യൂണിവേഴ്സിറ്റി സന്ദർശിക്കുകയും ഇന്ത്യൻ മെഡിക്കൽ വിദ്യാർത്ഥികളുമായി സംവദിക്കുകയും ചെയ്തു. തുടർന്ന് ടിബിലിസിയിലെ മഹാത്മാഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തി.

**ന്യൂ ഡെൽഹി**

**ഒക്ടോബർ 11, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.